**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2537** **23-02-2026 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ മേഖലയെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | പരമ്പരാഗത വ്യവസായമായ കയർമേഖല നേരിടുന്ന പ്രധാന പ്രതിസന്ധി അസംസ്കൃത വസ്തുവായ ചകിരിനാരിന്റെ ലഭ്യതക്കുറവും കയർ സഹകരണ സംഘങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ വില സമയബന്ധിതമായി ലഭിക്കാത്തതുമാണ്. ഇതിനു പരിഹാരമെന്ന നിലയിൽ കയർ സഹകരണ സംഘങ്ങൾക്ക് ചകിരിനാര് സമയബന്ധിതമായി നൽകുന്നതിന് കയർ ഫൈബർ ബാങ്ക് പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 03/12/2025 - ലെ സ.ഉ.(സാധാ) നം. 1483/2025/വ്യവ ഉത്തരവ് പ്രകാരം 1.25 കോടി രൂപയുടെ ധനാനുമതി ഈ പദ്ധതിക്ക് നൽകിയിട്ടുണ്ട്. കൂടാതെ കയർ സഹകരണ സംഘങ്ങൾക്ക് സമയബന്ധിതമായി അവരുടെ ഉൽപ്പന്നങ്ങൾക്ക് വില നൽകുന്നതിനു "റിവോൾവിംഗ് ഫണ്ട്" എന്ന ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. 03/09/2025 ലെ സ.ഉ.(സാധാ) 1174/2025/വ്യവ ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി ഈ പദ്ധതിയ്ക്ക് നൽകിയിട്ടുണ്ട്. ഇത് വഴി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള പരിശീലനം തൊഴിലാളികൾക്ക് നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നൽകി വരുന്നതുവഴി തൊഴിലാളികളുടെ നൈപുണ്യ വികസനം സാധ്യമായിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ വിപണി സാധ്യത വർദ്ധിപ്പിക്കാനായി ഓൺലൈൻ വിപണന സാദ്ധ്യതകളും സർക്കാർ പ്രയോജന പെടുത്തുന്നുണ്ട്. കയർ ഭൂവസ്ത്ര വിതാനത്തിനുള്ള പദ്ധതിവഴി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപെട്ടിട്ടുണ്ട്. കൂടാതെ കയർ തൊഴിലാളികൾക്കും കയർ സഹകരണ സംഘങ്ങൾക്കും വേണ്ടിയുള്ള Income Support |

| | | | |
|---|---|---|---|
| | | | Scheme, Market Development Assistance, Production & Marketing Incentive പ്രവർത്തന മൂലധനം, മാനേജീരിയൽ സബ്സിഡി, അടിസ്ഥാന സൗകര്യ വികസനം, എന്നീ പദ്ധതികൾ, കയർതൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി, കയർ മെഷീനറികളുടെ അറ്റകുറ്റ പണികൾക്കുള്ള ധനസഹായ പദ്ധതി, കയർ കോർപ്പറേഷനും കയർഫെഡിനും നൽകിവരുന്ന വില വ്യതിയാന സ്ഥിരതാ പദ്ധതി, സംഘങ്ങളിലെ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, പെൻഷൻ നൽകുന്നതിനുള്ള പദ്ധതി എന്നിങ്ങനെ വിവിധ പദ്ധതികളുടെ നടത്തിപ്പിലൂടെ കയർമേഖലയെ നിലനിർത്താൻ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 107.64 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | കയർ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | കയർ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി 20.07.2025 -ലെ സ.ഉ.(സാധാ) നം..887/2025/ വ്യവ ഉത്തരവ് പ്രകാരം പരമ്പരാഗത കയർ മേഖലയിലും, ഇലക്ട്രോണിക് റാട്ട് മേഖലയിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ ദിവസ വേതനം 350/- രൂപയിൽ നിന്നും 400/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ